**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **11-02-2025 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴയിലെ ജൽജീവൻ മിഷൻ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ ഭാഗമായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. (പട്ടിക താഴെ) |
| (ബി) | പുതുതായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങി ലഭ്യമാക്കിയ പുറക്കാട്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓവർ ഹെഡ് ടാങ്ക് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, ഗ്രാമപഞ്ചായത്തുകളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. പുതിയതായി കുടിവെള്ള ടാങ്ക് നിർമ്മിക്കുവാനുദ്ദേശിക്കുന്ന അമ്പലപ്പുഴ തെക്കു, പുറക്കാട് എന്നിവിടങ്ങളിലെ കുടിവെള്ള ടാങ്ക് നിർമാണ പ്രവൃത്തികളുടെ ദർഘാസ് ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ക്ഷണിച്ചിട്ടുണ്ട്. ടി ദർഘാസിൽ കരാറുകാരാരും പങ്കെടുക്കാത്തതിനെ തുടർന്ന് 18-02-2025 വരെ ടെൻഡർ ദീർഘിപ്പിച്ചിട്ടുണ്ട്. |

| നം. | പഞ്ചായത്ത് | നൽകിയ കണക്ഷനുകളുടെ എണ്ണം | നൽകാനുള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | അമ്പലപ്പുഴ വടക്ക് | 4540 | 0 |
| 2 | അമ്പലപ്പുഴ തെക്കു | 2555 | 912 |
| 3 | പുറക്കാട് | 3710 | 1420 |
| 4 | പുന്നപ്ര വടക്ക് | 3756 | 0 |
| 5 | പുന്നപ്ര തെക്ക് | 3180 | 801 |

സെക്ഷൻ ഓഫീസർ